# CHEENTHALAR
# ST. MARY'S CHURCH



syrianchurch.

സത്യവിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന യാക്കോബായ ക്രിസ്ത്യാനികളും, ഇഞ്ചിമല, ചീന്തലാർ, കാപ്പിപ്പതാൽ, പശുപ്പാറ, കൈതപ്പതാൽ, ഒറ്റമരം എന്നീ സ്ഥലങ്ങളിലെ നിവാസികളുമായ സഭാമക്കൾക്ക് ആരാധന നടത്തുന്നതിന് ഈ പ്രദേശത്തെ ഏക ആശ്രയം പീരുമേട് 'ടീ' കമ്പനി യാക്കോബായ, മാർത്തോമ്മാ, ഇ.ട.ക. എന്നീ സഭകൾക്ക് ആയി പണിയിച്ചു നൽകിയിരുന്ന യൂണിയൻ ചർച്ച് മാത്രമായിരുന്നു. മാസത്തിൽ ഒരു ഞായറാഴ്ച മാത്രമാണ് വി. കുർബ്ബാന നടത്തുന്നതിന് നമ്മുടെ സഭയ്ക്ക് അവിടെ അനുവാദം ലഭിച്ചിരുന്നത്.

ആയത് സഭാമക്കളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇടവകയുടെ പുരോഗതിക്കും പര്യാപ്തമല്ലാത്തതിനാൽ ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനായി സഭാമക്കൾ ഒന്നിച്ച് പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി 1966–ൽ ഇന്നത്തെ പള്ളി ഇരിക്കുന്ന സ്ഥലം ലഭ്യമാകുകയും ഒരു കുരിശ് സ്ഥാപിക്കുകയും ചെയ്തു. പിന്നീട് 1978–ൽ ഈ സ്ഥലത്ത് ഒരു താൽക്കാലിക ഷെഡ് സ്ഥാപിക്കുകയും പ്രാർത്ഥനായോഗങ്ങൾ നടത്തിവരികയും ചെയ്തു. തുടർന്ന് ചെമ്മണ്ണ് സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി ഇടവകാംഗങ്ങളുടെയും കൂടി സഹകരണത്തോടെ താൽക്കാലിക ഷെഡ് പള്ളി ആക്കി മാറ്റുകയും 1979 – ഏപ്രിൽ മാസം 6–ാം തീയതി നാൽപതാം വെള്ളിയാഴ്ച ദിവസം പഞ്ഞിക്കാട്ടിൽ വന്ദ്യ വർഗീസ് ജോൺ കോറെപ്പിസ്കോപ്പ വി. ദൈവമാതാവിന്റെ നാമത്തിൽ ഈ ദേവാലയം താൽക്കാലിക കൂദാശ നടത്തി, വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് കുറെകാലം മാസത്തിൽ രണ്ടു ഞായറാഴ്ച വി. കുർബ്ബാന അർപ്പിച്ചു വന്നു. ആയതിനുശേഷം നി.വ.ദി.ശ്രീ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പെരുമ്പള്ളി) തിരുമേനി പള്ളിയിൽ എഴുന്നള്ളി വരികയും മാസത്തിൽ എല്ലാ ഞായറാഴ്ചകളിലും വി: കുർബ്ബാന അർപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. 2003 ഫെബ്രുവരി മാസം 7–ാം തീയതി ഇടവക മെത്രാപ്പോലീത്ത നി.വ.ദി.ശ്രീ. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സു കൊണ്ട് പള്ളിയുടെ വി. മൂറോൻ കൂദാശ നിർവ്വഹിക്കുകയും ചെയ്തു.

ഇപ്പോൾ പള്ളിക്ക് കാപ്പിപ്പതാലിലും പശുപ്പാറകവലയിലും മനോഹരങ്ങളായ കുരിശിൻതൊട്ടികളും ഉണ്ട്. പശുപ്പാറകവലയിൽ ആണ് പള്ളിവക സെമിത്തേരി. എല്ലാ വർഷവും ജനുവരി 26 ന് വി: ദൈവമാതാവിന്റെ ഓർമ്മപ്പെരുനാൾ ഭംഗിയായി നടത്തിവരുന്നു. ഇടവകയുടെ ആത്മീയ പുരോഗതിക്കായി സൺഡേ സ്കൂൾ, മർത്തമറിയം സമാജം, യൂത്ത് അസോസിയേഷൻ, പ്രാർത്ഥനായോഗം എന്നിവ ബഹു: വൈദികരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ ഇടവകാംഗ കളായ ഫാ. പീറ്റർ കുത്തുകല്ലുങ്കൽ, ഫാ. അജിമാത്യു ചെറിയാൻ കരിമ്പനയ്ക്കൽ എന്നിവരും വെരി. റവ. വർഗീസ് ജോൺ കോറെപ്പിസ്കോപ്പ പഞ്ഞിക്കാട്ടിൽ, ഫാ. കുര്യാക്കോസ് വൈദ്യൻപറമ്പിൽ, ഫാ. മർക്കോസ് മല്ലുകാട്ട്, ഫാ. ഗീവർഗീസ്

തേക്കാനത്ത്, ഫാ. ജോൺ പോത്താനിക്കൽ, ഫാ. തോമസ് വേങ്കടത്ത്, ഫാ. ആൻഡ്രൂസ് ചിരവത്തറ, ഫാ. തോമസ് പള്ളിയമ്പിൽ, ഫാ. സക്കറിയ മൈലപ്പള്ളിൽ, ഫാ. മർക്കോസ് പണിക്കരുപറമ്പിൽ, ഫാ. ഏബ്രഹാം പരുത്തിക്കുന്നേൽ, ഫാ. എ. പി. മാത്യു ആലയ്ക്കക്കുടി, ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, ഫാ. കെ.കെ. തോമസ് കറുകപ്പടിയിൽ, ഫാ. ജോൺ പഞ്ഞിക്കാട്ടിൽ, ഫാ. തോമസ് കണ്ടാന്ത്ര, ഫാ. ബിനോയി തോമസ് വള്ളിക്കാട്ടിൽ, ഫാ. കെ.പി. സ്ലീബാ കൊച്ചുപറമ്പിൽ, ഫാ. മാത്യു നടുവിലേക്കര എന്നീ വൈദീകരും ഈ പള്ളിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 42 കുടുംബങ്ങൾ ഈ പള്ളിയിടവകയിൽ അംഗങ്ങളാണ്.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org